## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 512 — 06.02.2013-ലെ മറുപടിയ്ക്ക്

# വിലക്കയറ്റം തടയുന്നതിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) വിലക്കയറ്റം നേരിടുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം നൂതനപദ്ധതികൾ ആവിഷ്കരിച്ചുവെന്ന് വിശദീകരിക്കാമോ ; | (എ) കൺസ്യൂമർഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷൻ നേരിട്ട് നടത്തുന്നതും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്നതുമായ നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർഫെഡ് നേരിട്ട നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകളിലൂടെയും ഗുണ മേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തുന്നത് സംസ്ഥാനത്തെ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. കൂടാതെ, കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 7 ഒഴുകുന്ന ത്രിവേണികൾ കായൽ |

നദീതീരങ്ങളിലുള്ളവർക്ക് വളരെ പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, അത്തരത്തിലുള്ള 3 ഒഴുകുന്ന ത്രിവേണികൾ മലബാർ മേഖലയിൽ കൂടി ആരംഭിയ്ക്കുന്നതിന് സജ്ജമാക്കിവരുന്നുണ്ട്. ഇതിനു പുറമെ എല്ലാ നിയോജക മണ്ഡലങ്ങളിലും മൊബൈൽ ത്രിവേണി എന്ന പദ്ധതിയുടെ ഭാഗമായി മൊബൈൽ ത്രിവേണികളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

കൂടാതെ, 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ നന്മ സ്റ്റോറുകളിലൂടെ പൊതു വിപണിയേക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന പദ്ധതി കാലാകാലങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല കൺസ്യൂമർ ഫെഡറേഷന്റെയും മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിലുള്ള ഉത്സവ കാലചന്തകൾ മുഖേന വിലക്കയറ്റം ഉത്സവ വേളകളിൽ നിയന്ത്രിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എത്ര രൂപയാണ് നീക്കിവെച്ചത് ; 2012-13 സാമ്പത്തിക വർഷത്തിൽ എന്ത് തുക ചെലവഴിച്ചു ; എന്തെല്ലാം കാര്യങ്ങൾക്കാണ്

(ബി) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ 2012-2013 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ സബ്സിഡി ഇനത്തിൽ (നോൺ പ്ലാൻ) 5 കോടി രൂപയും, അഡീഷണൽ ആതറൈസേഷൻ മുഖേന 45 കോടി രൂപയും നീക്കിവയ്ക്കുകയുണ്ടായി.

ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ ;

45 കോടി രൂപയിൽ 44.50 കോടി രൂപ താഴെ പറയുന്ന ആവശ്യങ്ങൾക്ക് വേണ്ടി അനുവദിക്കുകയുണ്ടായി.

| | | |
|---|---|---|
| 1 | ഓണം-റംസാൻ വിപണി-2012 | 4.5 കോടി (സബ്സിഡി) |
| 2 | ഓണം-റംസാൻ വിപണി 2012 | 25 കോടി (സബ്സിഡി) |
| 3 | മാർക്കറ്റ് ഇന്റർവെൻഷൻ | 15 കോടി |

(സി) വില നിയന്ത്രിക്കുന്നതിനായി പ്രാഥമികസഹകരണസംഘങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനാണ് നിർദ്ദേശം നൽകിയത് ; അതിനായി എന്ത് ധനസഹായം നൽകി ; വിശദാംശം ലഭ്യമാക്കുമോ ?

(സി) വില നിയന്ത്രിയ്ക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ നടത്തുന്ന പൊതു വിപണി ഇടപെടൽ നടപടികൾ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സർക്കാർ അനുമതിയോടുകൂടിയാണ് നടത്തുന്നത്. ഇപ്രകാരം നീതിസ്റ്റോറുകൾ, നന്മ സ്റ്റോറുകൾ ഇവ കൂടാതെ ഉത്സവകാലങ്ങളിൽ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു മുതലായ എല്ലാ ഉത്സവകാല ചന്തകളും പ്രാഥമിക സംഘങ്ങൾ നടത്തിവരുന്നു. വില നിയന്ത്രിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും നേരിട്ട് ധനസഹായം നൽകുന്നില്ല.

സെക്ഷൻ ഓഫീസർ